File No. PAN/15141/2019-DBT 1(DP)

**<u>വളരെ അടിയന്തിരം</u>**


പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം,

പബ്ലിക് ഓഫീസ്.പി.ഒ, 695033,

തിരുവനന്തപുരം,

dbtcell2017@gmail.com

0471-2327526, തീയതി: 26.11.2019


**<u>സർക്കുലർ</u>**

വിഷയം: സാമൂഹ്യ സുരക്ഷാ പെൻഷൻ മസ്റ്ററിംഗ് – ക്യാംപുകൾ സജ്ജീകരിക്കുന്നത് - അധിക നിർദ്ദേശങ്ങൾ നൽകുന്നത്- സംബന്ധിച്ച്.

സൂചന : 1. ഇ ഓഫീസിലെ 25.11.2019 ലെ File No. PAN /15141/2019- DBT1(DP) നമ്പർ സർക്കുലർ.

2. ധനകാര്യ വകുപ്പിന്റെ 26.11.2019 തീയതിയിൽ നടന്ന യോഗത്തിലെ നിർദ്ദേശം.

സാമൂഹ്യ സുരക്ഷാ പെൻഷൻ മസ്റ്ററിംഗ് സംബന്ധിച്ച് ക്യാംപ് സംഘടിപ്പിക്കുന്നതിന് സൂചന 1 പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ആയത് വിജയകരമായി പൂർത്തിയാക്കാൻ താഴെപ്പറയുന്ന അധിക നിർദ്ദേശങ്ങൾ നൽകുന്നു.

1. ആകെ ഗുണഭോക്താക്കളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ വാർഡുകൾ ക്രമീകരിച്ച് ഗുണഭോക്താക്കൾക്ക് എത്തിപ്പെടാൻ സൗകര്യമുള്ള പൊതു ഇടങ്ങളിലാണ് ക്യാംപുകൾ സജ്ജീകരിക്കേണ്ടത്.

2. എല്ലാ പ്രാദേശിക സർക്കാരുകളും ക്യാംപുകൾ സംബന്ധിച്ച അറിയിപ്പ് ഗുണഭോക്താക്കളിൽ എത്തിക്കുന്നതിന് മതിയായ പ്രചരണം നൽകേണ്ടതാണ്. ( ആവശ്യമെങ്കിൽ മൈക്ക് അനൗൺസ്മെന്റ് , നോട്ടീസ് പ്രചാരണം ഉൾപ്പെടെ )

3. മസ്റ്ററിംഗ് ഇത് വരെ നടത്താത്ത ഗുണഭോക്താക്കളുടെ ലിസ്റ്റ് സേവന വെബ്സൈറ്റിൽ നിന്നും ( ആക്ടീവ് പെൻഷനേഴ്സ് ലിസ്റ്റ് ) ഡൌൺലോഡ് ചെയ്തെടുത്ത് ജനപ്രതിനിധികൾ, അംഗൻവാടി വർക്കേഴ്സ് , കുടുംബശ്രീ പ്രവർത്തകർ എന്നിവർ മുഖാന്തിരം ക്യാംപിന്റെ വിവരങ്ങളും, മസ്റ്ററിംഗിന്റെ പ്രാധാന്യവും ഗുണഭോക്താക്കളെ അറിയിക്കേണ്ടതാണ്.

4. ക്യാംപുകൾ സജ്ജീകരിക്കുന്നതിന് മുന്നോടിയായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിലെ അക്ഷയ കേന്ദ്രവുമായി ബന്ധപ്പെടേണ്ടതും മസ്റ്ററിംഗ് നടത്തുന്നതിനുള്ള ഉപകരണങ്ങൾ സജ്ജീകരിക്കുന്നതിന് സൗകര്യങ്ങൾ നൽകേണ്ടതുമാണ്.

5. കിടപ്പ് രോഗികളായിട്ടുള്ള/ നടക്കാനാകാത്ത വികലാംഗരായിട്ടുള്ള പെൻഷൻ ഗുണഭോക്താക്കളാണെന്ന് ബന്ധുക്കൾ അറിയിച്ചിട്ടുള്ള വിവരങ്ങളിൽ ഏതെങ്കിലും അപേക്ഷകൾ മറ്റൊരു തദ്ദേശ സ്വയംഭരണ പരിധിയിൽ , താൽക്കാലികമായി മാറിതാമസിക്കുന്നവരാണെന്ന് പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് ഉത്തമ ബോദ്ധ്യം വരുകയാണെങ്കിൽ പ്രസ്തുത അപേക്ഷ താമസംവിനാ അപേക്ഷകൻ താമസിക്കുന്ന പ്രാദേശിക സർക്കാരിന് കൈമാറി നൽകേണ്ടതാണ്. ഈ പ്രാദേശിക സർക്കാർ പ്രസ്തുത വിവരം അക്ഷയ കേന്ദ്രങ്ങളെ അറിയിക്കേണ്ടതുമാണ്.

6. ക്ഷേമനിധി ബോർഡിലെ ഏതെങ്കിലും പെൻഷൻ ഗുണഭോക്താക്കൾ കിടപ്പ് രോഗികളാണെന്ന് ബന്ധുക്കൾ മുഖാന്തിരം നിശ്ചിത പ്രൊഫോർമയിൽ അറിയിക്കുകയാണെങ്കിൽ അത്തരം അപേക്ഷകൾ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ തന്നെ അക്ഷയ കേന്ദ്രങ്ങളിൽ നിശ്ചിത സമയപരിധിയിൽ അറിയിക്കേണ്ടതുമാണ് .

**ഡോ. ബി.എസ്.തിരുമേനി ഐ.എ.എസ്**
**പഞ്ചായത്ത് ഡയറക്ടർ**

**<u>പകർപ്പ്</u>**

1. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരം)
2. എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും( നഗരകാര്യ ഡയറക്ടർ മുഖേന)
3. കരുതൽ ഫയൽ, അധികം